# വി.എൽ.പി.എസ് കല്ലൂർ

## അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026



## കല്ലൂർ വി. എൽ. പി. സ്കൂൾ

തൃശ്ശൂർ ജില്ലയുടെ തെക്ക് കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന കാർഷിക ഗ്രാമമാണ് കല്ലൂർ. കല്ലൂർ എന്ന പേര് കേൾക്കുമ്പോൾ തന്നെ കല്ലുകളാലും കുന്നും, മലകളാലും നിറഞ്ഞതാണ് എന്ന് തോന്നിപ്പോകും. തികച്ചും പച്ചപരവതാനി വിരിച്ച് സസ്യലതാദികളാൽ ചാമരം വീശി നിലകൊള്ളുന്ന ഗ്രാമത്തിൽ ശാന്തമായി ഒഴുകുന്ന നീർച്ചാലുകളും പരന്ന് കിടക്കുന്ന നെൽപ്പാടങ്ങളും കിഴക്ക് ഭാഗത്ത് തല ഉയർത്തി നിൽക്കുന്ന മലകളും ഗ്രാമത്തിന്റെ പ്രകൃതി സൗന്ദര്യം വിളിച്ചറിയിക്കുന്നു.

കാർഷിക ഗ്രാമമായ കല്ലൂരിലെ ജനങ്ങളുടെ മുഖ്യതൊഴിൽ കൃഷിയായിരുന്നു. എല്ലാ മതസ്ഥരും തിങ്ങി പാർത്തിരുന്ന അന്നത്തെ കൃഷി ഭൂമിയുടെ അവകാശികൾ വലിയ ജന്മിമാരായിരുന്നു. ദേവസ്വം മനം, ഇല്ലം എന്നീ ഗണത്തിൽപ്പെട്ടവരുടേതായിരുന്നു കൃഷി സ്ഥലങ്ങൾ, അതിൽ പണിയെടുക്കുന്നവരോ ഹിന്ദുക്കളും, കൃസ്ത്യാനികളും എന്നു വേണ്ട എല്ലാ മതക്കാരുമുണ്ടായിരുന്നു. എന്നാൽ കൃസ്ത്യാനിയുടെ ആത്മീയപരമായ ആവശ്യാധികൾക്ക് തൃശ്ശൂരിൽ നിന്നും എത്തിയിരുന്ന മിഷനറി പ്രവർത്തകരുടെ അശ്രാന്ത പരിശ്രമഫലമായിട്ടാണ് പൂർവ്വീക കൽദായ സുറിയാനി സഭ മലയാളവർഷം 1099/ അതായത് 1924ൽ പള്ളി സ്ഥാപിച്ചത്. അതിനുശേഷം നമ്മുടെ പൂർവ്വികന്മാരെ "നാലക്ഷരം" പഠിപ്പിച്ച് ജീവിത അഭിവൃദ്ധിയിലേക്ക് വെളിച്ചം വീശുന്നതിനുവേണ്ടി പള്ളിവക സ്ഥലത്ത് മലയാളവർഷം 1101 / അതായത് 1926 ജൂൺമാസത്തിൽ സ്കൂൾ സ്ഥാപിച്ചത്. ആ ഘട്ടത്തിൽ തന്നെ കിഴക്കേ കോട്ട, നെല്ലങ്കര,

കുരിയച്ചിറ എന്നിവിടങ്ങളിലും സഭ സ്കൂളുകൾ സ്ഥാപിക്കുകയുണ്ടായി. സ്കൂളിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിച്ച പ്രമുഖ കുടുംബങ്ങളിൽ പ്രധാനികളായിരുന്നു നമ്പാടൻ, വട്ടക്കുഴി, കള്ളിവളപ്പിൽ, ചെറുവാൾക്കാരൻ, പുതുശ്ശേരിപടി, ചുള്ളി, കൈപ്പിള്ളി, ഏറാത്ത് എന്നീ കുടുംബക്കാർ. അങ്ങനെയൊക്കെയാണെങ്കിലും കല്ലൂരിലെ എല്ലാ ജനങ്ങളും "അണ്ണാറക്കണ്ണനും തന്നാലായത്" എന്നപോലെ സഹകരിച്ച് പ്രവർത്തിച്ചിട്ടുണ്ട്. വിദേശ മിഷനറി ആയിരുന്ന അന്നത്തെ കൽദായ സുറിയാനി സഭയുടെ അഭിവന്ദ്യ മെത്ര പോലീത്ത മാർ അഭിമലേക്ക് തിമോഥിയുസ് ആണ് സ്കൂളിന്റെ സ്ഥാപകൻ. പാശ്ചാത്യഭാഷയിൽ "മാതൃഭാഷ പഠിപ്പിക്കുന്ന" എന്ന് അർത്ഥം വരുന്ന "വെർണ്ണാക്കുലർ" ലോവർ പ്രൈമറി സ്കൂൾ എന്ന് നാമകരണം ചെയ്തു. സഭയ്ക്ക് പുണ്യപുരുഷന്മാർ ഉണ്ടായിരുന്നിട്ടും ആ പേരുകൾ സ്വീകരിക്കാതെ പൊതുവായ നാമം സ്വീകരിച്ചതിൽ നിന്ന് തന്നെ സഭ എല്ലാ വിഭാഗത്തിൽപ്പെട്ടവരേയും സ്വാഗതം ചെയ്യുന്നു എന്ന് വിളിച്ചോതുകയാണ്. കൃസ്ത്യാനികൾ തന്നെപോലെ തന്നെ മറ്റുള്ളവരെയും സ്നേഹിക്കുന്നതിന്റെ ഉത്തമ ഉദാഹരണമാണ് സ്കൂളിന്റെ പ്രധാന അദ്ധ്യാപകനായി "പട്ടർ മാഷ്" എന്ന വിശേഷണത്താൽ അറിയപ്പെടുന്ന ശ്രീ. എസ്. കൃഷ്ണയ്യരെ നിയമിച്ചത്. നാല് വർഷങ്ങൾക്ക് ശേഷം "പട്ടർ മാഷ്" തൃശ്ശൂർ കിഴക്കേ കോട്ടയിലുള്ള കാൽഡിയൻ സ്കൂളിലേക്ക് സ്ഥലം മാറി പോവുകയും അക്കാലത്ത് സ്കൂളിന്റെ മാനേജരായിരുന്ന ശ്രീ. നമ്പാടൻ ചാക്കുചാക്കപ്പൻ ശ്രീ. ടി. ഡി. പോളിനെ പ്രധാന അദ്ധ്യാപകനായി നിയമിക്കുകയും ചെയ്തു. ശ്രീ. എസ്. കൃഷ്ണയ്യർ, ശ്രീ. ടി. ഡി. പോൾ ശ്രീമതി കുഞ്ചിയമ്മ എന്നിവരായിരുന്നു ആദ്യ കാലപ്രവർത്തകർ.

ആ കാലഘട്ടങ്ങളിൽ സ്കൂളിന്റെ വളർച്ചക്കുവേണ്ടി വിദ്യാഭ്യാസവകുപ്പിൽ നിന്നും വളരെയേറെ സേവനസഹായങ്ങൾ ലഭിച്ചിട്ടുണ്ട്. കൽദായ സഭയിലെ പുരോഹിതനും ഡി. ഇ. ഒ. യും ആയിരുന്ന റെവ. ഫാ. പി. എൽ. ഫ്രാൻസിസിന്റെ സേവനം എടുത്തുപറയത്തക്ക ഒന്നായിരുന്നു. യാത്രാസൗകര്യം തീരെ ഇല്ലായിരുന്ന കല്ലൂരിലേക്ക് കാൽനടയായി യാത്രചെയ്ത്. തുച്ഛമായ വരുമാനത്തിൽ നിസ്തുല സേവനം അനുഷ്ഠിച്ച അദ്ധ്യാപകരായ ശ്രീ. ടി. ഡി. പോൾ മാസ്റ്റർ, ശ്രീമതി കുഞ്ചിയമ്മ ടീച്ചർ, ശ്രീമതി പത്മാവതി ടീച്ചർ, ശ്രീമതി മാധവിയമ്മ ടീച്ചർ, ശ്രീമതി സാറ ടീച്ചർ, ശ്രീ. ഒ. ടി. അന്തപ്പൻ മാസ്റ്റർ എന്നിവരെ ഇത്തരുണത്തിൽ ഓർക്കുകയാണ്. ഇതുവരെ പ്രധാനാധ്യാപകരായി ശ്രീ. എസ്. കൃഷ്ണയ്യർ, ശ്രീ. ടി. ഡി. പോൾ, ശ്രീമതി എ. കുഞ്ചിയമ്മ, ശ്രീ. ഒ. ടി. അന്തപ്പൻ, ശ്രീമതി കെ. പത്മാവതി അമ്മ, ശ്രീ. ഇ നാരായണൻമേനോൻ, ശ്രീ. എം. എൽ. ദേവസ്സിക്കുട്ടി, ശ്രീമതി പി. വി. മാധവിക്കുട്ടി, ശ്രീമതി ടി. വി. സതി വാരസ്യാർ, ശ്രീമതി ഇന്ദിര ഇളയന്ന, ശ്രീമതി ടി. സുഭദ്ര, ശ്രീ. കെ. ചന്ദ്രൻ, ശ്രീമതി ഇ. എം. സാവിത്രി എന്നിവരാണ് സേവനം ചെയ്തിട്ടുള്ളത്. ശ്രീമതി കെ. പത്മാവതി അമ്മ പ്രധാനാധ്യാപികയായി സേവനം ചെയ്യുമ്പോൾ 7 ഒന്നാംക്ലാസ് അടക്കം 22 ഡിവിഷനും 23 അധ്യാപകരും 1200 വിദ്യാർത്ഥികളും വി. എൽ. പി. എസി. ൽ ഉണ്ടായിരുന്നു. വി. എൽ. പി. എസിന്റെ സുവർണ്ണ കാലഘട്ടം അതായിരുന്നു. വിദ്യാഭ്യാസ നിലവാരത്തിൽ

"സുറായി സ്കൂൾ" അഭിവൃദ്ധിപ്പെടുകയും അതിന്റെ ഫലമായി ഡിവിഷനുകൾ വർദ്ധിക്കുകയും ചെയ്തപ്പോൾ ഒരു ബ്രാഞ്ച് എന്ന നിലയിലാണ് പാലയ്ക്കപ്പറമ്പിൽ വെർണ്ണാകുലർ ലോവർ പ്രൈമറി സ്കൂൾ 1938ൽ സ്ഥാപിച്ചത്. പിന്നീട് വന്ന സഭാനേതൃത്വത്തിന് ഈ പള്ളിക്കൂടങ്ങൾ നടത്തുകൊണ്ടുപോകുന്നതിന് നേരിട്ട പല വിഷമതകളും തരണം ചെയ്യുന്നതിന് അന്നത്തെ സ്റ്റാഫ് കൗൺസിലുമായി ചർച്ച നടത്തുകയും അതിന്റെ ഫലമായി സ്കൂൾ സ്കൂൾ സ്റ്റാഫ് കൗൺസിൽ ഏറ്റെടുത്ത് നടത്താമെന്ന് സമ്മതിച്ചതിന്റെ വെളിച്ചത്തിൽ കൗൺസിലിന് ഏൽപ്പിക്കുകയാണുണ്ടായത്. കല്ലൂരിലേയും അയൽപ്രദേശങ്ങളായ ആമ്പല്ലൂർ, നെന്മണിക്കര, തൃക്കൂർ, വട്ടണാത്ര, വെണ്ടൂർ എന്നിവിടങ്ങളിലെ പൗരമുഖ്യരും, മുൻതലമുറക്കാരും, ഡോക്ടർമാരും, എഞ്ചിനീയർമാരും, വക്കീൽമാരും തുടങ്ങി പല ഉദ്യോഗസ്ഥപ്രമുഖരും ഈ വിദ്യാലയത്തിന്റെ പൂർവ്വ സന്തതികളാണ്.

സ്റ്റാഫ് മാനേജ്മെന്റിന്റെ ഭരണത്തിൽ വി. എൽ. പി. എസ്. വിദ്യാഭ്യാസ നിലവാരത്തിലും കെട്ടിലും മട്ടിലും ഉന്നതങ്ങളിലേക്ക് വളർന്നു. എന്നാൽ പ്രാന്ത പ്രദേശങ്ങളിൽ വന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആവിർഭാവത്തോടെ വി. എൽ. പി. എസിലും കുട്ടികളുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. ഈ മഹത് സ്ഥാപനത്തിൽ ഇന്നുവരെ 72 അദ്ധ്യാപകർ സേവനമനുഷ്ഠിച്ചു കടന്നുപോയിട്ടുണ്ട്. പല വ്യക്തികളും മൺമറഞ്ഞുപോയവരിൽ പെടുന്നു. ഈ വിദ്യാലയത്തിൽ 36 വർഷം സേവനമനുഷ്ഠിച്ച ശ്രീമതി ചന്ദ്രമതിടീച്ചറുടെ മകളായ ശ്രീമതി പി. രാജിക ടീച്ചറാണ് ഇപ്പോഴത്തെ പ്രധാന അധ്യാപിക. കൂടാതെ വി. കെ. ത്രേസ്യ, ടി. വത്സല, ഷാന്റി സെബാസ്റ്റ്യൻ, ബീന വർഗ്ഗീസ് കവിതാചന്ദ്രൻ, കെ. ശാന്തി, അജി ജി. നായർ എന്നീ സഹപ്രവർത്തകരും ഇപ്പോൾ ഇവിടെ സേവനമനുഷ്ഠിക്കുന്നു. തന്റെ കൂടെയുള്ള സഹപ്രവർത്തകരുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനത്തിലൂടെ അടുക്കും ചിട്ടയുമുള്ള ഒരു നല്ല വിദ്യാലയം കെട്ടിപ്പടുക്കുക എന്ന ഉദ്ദേശ്യത്തോടെ ദൃഢപ്രതിജ്ഞയെടുത്ത് അവർ മുന്നോട്ട് പോകുന്നു. അതിന്റെ ഫലമായി നല്ലൊരു അദ്ധ്യാപക രക്ഷാകർതൃ സംഘടന, സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ്, പൂർവ്വവിദ്യാർത്ഥി സംഘടന എന്നിവ ഇവിടെ സ്തുത്യർഹ സേവനം ചെയ്യുന്നു. ഇവരുടെ പ്രവർത്തന ഫലമായി 2013 ഫെബ്രുവരി 24 ഞായർ പൂർവ്വ വിദ്യാർത്ഥി സംഗമം അത്യധികം ഭംഗിയോടെ നടന്നുകഴിഞ്ഞു. പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രസിഡണ്ടായി ശ്രീ. മുളങ്ങാടൻ രാഘവനും സെക്രട്ടറിയായി ശ്രീ. ഇ. വാസുദേവനും പ്രവർത്തിച്ചുവരുന്നു. ഇപ്പോഴത്തെ പി. ടി. എ. പ്രസിഡണ്ട് ശ്രീ. എം. കെ. വാസുവും വൈസ് പ്രസിഡണ്ട് ശ്രീ. കെ. സുരേഷുമാണ്. മാതൃസംഗമം പ്രസിഡണ്ട് ശ്രീമതി ബിന്ദുവർഗ്ഗീസും വൈസ് പ്രസിഡണ്ട് ശ്രീമതി ബിജി പോൾസണുമാണ്. ഇവരുടെ നേതൃത്വത്തിൽ വിദ്യാലയപ്രവർത്തനങ്ങൾ വളരെ ഊർജ്ജസ്വലമായി മുന്നോട്ടുപോകുന്നു. വി. എൽ. പി. എസ്. ഉന്നതങ്ങളിലേക്ക് ഉയരട്ടെ എന്ന പ്രതീക്ഷയോടെ / ചരിത്രം ഇപ്പോഴും അതിന്റെ ജൈത്രയാത്ര തുടരുകയാണ്.

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

## വിദ്യാലയം മികവിലേക്ക്

മികവുറ്റ വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാകണമെങ്കിൽ അക്കാദമികവും ഭൗതീകവുമായ മികവുണ്ടാകണം. കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ അധ്യാപക രിലും അനധ്യാപകരിലും ഉണ്ടാകണം. നിലവിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ ഗവൺമെന്റ് വിദ്യാലയങ്ങളിൽ ഭൗതീകസാഹചര്യം വളരെ ശോചനീയമാണ്. ഇത്തരം പരിമിതികൾ മറികടക്കുകയും അധ്യാപകർ അതിനനുസരിച്ച് ഉയരുകയും ചെയ്താൽ വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറും.

## അക്കാദമിക മികവ്

കുട്ടികൾ ഓരോ തലത്തിലും ആർജ്ജിക്കേണ്ട അറിവുകൾ ആർജ്ജിച്ചു എന്ന് ഉറപ്പുവരുത്തലാണ് ഒന്നാമത്തെ പടി. സ്നേഹമസൃണമായ പെരുമാറ്റത്തിലൂടെ കുട്ടി കളിൽ വിവിധ ശേഷികൾ വളർത്തുകയും ഇത്തരം ശേഷികൾ കൃത്യതയോടെ നേടി യിട്ടുണ്ടെന്ന് അധ്യാപകർ ഉറപ്പുവരുത്തുകയും വേണം. മനഃശാസ്ത്രപരമായി കുട്ടി കളെ സമീപിക്കുവാൻ അധ്യാപകർ പ്രാപ്തരാകണം. ഇതിനുപുറമെ ഓരോരുത്തരും ചെയ്യേണ്ട കർത്തവ്യങ്ങളെക്കുറിച്ച് ബോധവാന്മാരുവകയും വേണം.

നിരന്തര മൂല്യനിർണ്ണയത്തിൽ കുട്ടികൾക്കാവശ്യമായ ശേഷികൾ നേടിയിട്ടി ല്ലെന്ന് കണ്ടാൽ പരിഹാരബോധന പ്രക്രിയ ആവിഷ്കരിച്ച് നടപ്പിലാക്കി ഗുണനില വാരം ഉറപ്പു വരുത്തണം. സ്വന്തം വിദ്യാർത്ഥികളുടെ കുടുംബപശ്ചാത്തലം ഓരോ അധ്യാപകരും അറിഞ്ഞിരിക്കണം. ഓരോ വിദ്യാർത്ഥിയുടേയും വ്യക്തിഗതവും അക്കാ ദമികവും അനക്കാദമികവുമായ വിവരങ്ങൾ അടങ്ങുന്ന അനക്ഡോട്ടൽ റെക്കോർഡ് കൃത്യമായി സൂക്ഷിക്കണം.

പഠനബോധന പ്രവർത്തനങ്ങളിൽ കാതലായ മാറ്റം വരുത്തണം. പരീക്ഷണ – നിരീക്ഷണ പാടവം കുട്ടികളിൽ വളർത്തണം. വിവര–വിനിമയ–സാങ്കേതിക വിദ്യ

യുടെ അകമ്പടിയോടുകൂടി പഠനം ആസ്വാദ്യകരമാക്കണം. ഓരോ വിഷയവും പഠിപ്പിക്കുന്നതിനാവശ്യമായ മികച്ച സാങ്കേതിക സൗകര്യവും ലാബ് സൗകര്യവും ഉണ്ടായിരിക്കണം.

**ഭൗതിക മികവ്**

വിശാലവും കാറ്റും വെളിച്ചവും കയറുന്നതും ശിശുസൗഹൃദവുമായ ഹൈടെക് ക്ലാസ്മുറികൾ ഉണ്ടാകണം. ഓരോ ക്ലാസ്മുറികളിലും ലാബ് കോർണറും റീഡിംങ് കോർണറും ഉണ്ടാകണം. ക്ലാസ്സ് മുറികളിൽ നിലവിലുള്ള ഫർണിച്ചർ മാറ്റുകയും ശാസ്ത്രീയമായ തരത്തിൽ എഴുത്തുമേശയും ഇരിപ്പിടവും തയ്യാറാക്കുകയും വേണം. പബ്ലിക് അഡ്രസ്സ് സിസ്റ്റവും ഇന്റർനെറ്റ് സൗകര്യവും ഉള്ള ഹൈടെക് ക്ലാസ്സ്മുറികൾ വേണം.

# പദ്ധതി രൂപീകരണം

## എസ്.ആർ.ജി. യോഗം

പ്രധാനാധ്യാപിക സമഗ്രഗുണമേന്മ വിദ്യാലയ വികസനപദ്ധതി വിശദീകരിച്ച് നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുതകുന്ന ഒരു പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കി. വിദ്യാലയത്തിന്റെ ഭൗതീകവും അക്കാദമികവും സാമൂഹികവുമായ നിലവിലുള്ള അവസ്ഥ അധ്യാപകർ വിലയിരുത്തി. വിദ്യാലയത്തെ മികവിന്റെ കേന്ദമാക്കുന്നതിന് പ്രസ്തുത മേഖലകളിൽ വരുത്തേണ്ട മാറ്റങ്ങൾ ദീർഘവീക്ഷണത്തോടെ ഓരോ അധ്യാപരും തയ്യാറാക്കി അടുത്ത എസ്.ആർ.ജി. യോഗത്തിൽ അവതരിപ്പിക്കാൻ പ്രധാനാധ്യാപിക ആവശ്യപ്പെട്ടു. അധ്യാപകർ എഴുതി തയ്യാറാക്കിയ നിർദ്ദേശങ്ങൾ വിഷയതലത്തിൽ ചർച്ച ചെയ്ത് ക്രോഡീകരിച്ച് കരട് രൂപരേഖ തയ്യാറാക്കി.

## വിദ്യാലയ വികസന ശില്പശാല

കരട് രൂപരേഖ ചർച്ച ചെയ്ത് വിദ്യാലയവികസനരേഖ തയ്യാറാക്കുന്നതിനായി ശില്പശാല സംഘടിപ്പിച്ചു. പ്രസ്തുത ശില്പശാലയിൽ ജില്ലാ പഞ്ചായത്ത് പ്രതിനിധി, എസ്.ആർ.ജി., എസ്.എം.സി., പി.ടി.എ., എം.പി.ടി.എ., ഒ.എസ്.എ., എസ്.ടി.സി. പ്രതിനിധികൾ പങ്കെടുത്തു. വികസന ശില്പശാലയിൽ 'വലപ്പാട് മോഡൽ' പരിചയപ്പെടുത്തി. ഓരോ സംഘടനാ പ്രതിനിധികളും വ്യക്തിപരമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വ്യക്തമാക്കി.

# മോണിറ്ററിംഗ് രീതി

- വിദ്യാലയ വികസന രൂപരേഖപ്രകാരം നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി. ഭൗതിക സൗകര്യങ്ങൾ നിരീക്ഷിക്കുന്നതായി LSG, PTA, SMC, MPTA, OSA തുടങ്ങിയ സംഘടനകളും അക്കാദമികമായ മോണിറ്ററിംഗിന് വിദ്യാഭ്യാസ ഓഫീസർമാരും നിർവ്വഹിക്കും. വിദ്യാലയത്തിന്റെ പൊതുവായ എല്ലാ പ്രവർത്തനങ്ങളും സാമൂഹിക പ്രതിബന്ധതയുള്ള എല്ലാ നല്ലവരായ നാട്ടുകാരുടെയും അഭ്യുദയകാംക്ഷികളുടെയും സാന്നിധ്യം ഉൾപ്പെടുത്തുന്നു.

മേഖല - ഭൗതികം          ഉപമേഖല - ഹരിതപരിസരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിഷരഹിത പച്ചക്കറി കൃഷി | വീട്ടിലും വിദ്യാലയത്തിലും ജൈവ കൃഷിയിടങ്ങൾ | ജൂൺ - ആഗസ്റ്റ് | കൃഷി ക്ലബ്ബ് ടീച്ചർ | പി.ടി.എ |
| മിയാവാക്കി വനം | കുറച്ച് സ്ഥലത്ത് ഫലവൃക്ഷങ്ങൾ ഉൾപ്പെടുത്തി മിയാവാക്കി വനം നിർമിക്കുന്നു. | ജൂൺ - മാർച്ച് | സീഡ് ക്ലബ്ബ് ടീച്ചർ | പി.ടി.എ |
| പ്ലാസ്റ്റിക് രഹിത വിദ്യാലയം. | പ്ലാസ്റ്റിക് പേനകൾ, കുപ്പികൾ കവറുകൾ എന്നിവയുടെ ഉപയോഗം കുറയ്ക്കുന്നു പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് ഹരിത കർമ്മ സേനയ്ക്ക് കൈമാറുന്നു | ജൂൺ - മാർച്ച് | സീഡ് ക്ലബ്ബ് ടീച്ചർ | പി.ടി.എ |

മേഖല - ഭൗതികം

ഉപമേഖല - സുന്ദരശുചിത്വ പരിസരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മഴക്കാല രോഗങ്ങൾ പരിഹരിക്കൽ. | വെള്ളക്കെട്ട് തടയുന്നതിനായുള്ള പ്രവർത്തനങ്ങൾ. | ജൂൺ - ജൂലൈ | പരിസ്ഥിതി ക്ലബ്ബ് | പി.ടി.എ. |
| മാലിന്യ ശേഖരണ സംസ്കരണ സംവിധാനം | മാലിന്യങ്ങളെ ജൈവ അജൈവ വേർതിരിച്ച് സംസ്കരിക്കുന്നു | ഏപ്രിൽ - മാർച്ച് | പരിസ്ഥിതി ക്ലബ്ബ് | SSA |
| മഴവിൽ കൂടാരം | പ്രീപ്രൈമറി കുട്ടികൾക്ക് മാനസിക ഉല്ലാസത്തിനും കളികളിലൂടെ അറിവിലേക്ക് കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ഉള്ള പരിശീലനം നൽകുന്നതിന് | വർഷം മുഴുവൻ | പ്രീപ്രൈമറി അധ്യാപകർ | പി.ടി.എ |
| | | | | |

## ഉപഭോഗവല - സമൂഹത്തിന്റെ ഇടപെടൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്കാദമികമായ ഉയർച്ചയ്ക്ക് സാമൂഹ്യ പങ്കാളിത്തം ഉറപ്പുവരുത്തുന്ന തരം പി.ടി.എ സജീവമാക്കൽ പ്രവൃത്തി പരിചയ പഠനം പാഠത്തിനോടു വിശദമാക്കിയ പാഠത്തിലൂടെ ഗുണങ്ങൾ | വിദ്യാലയ വികസന യോഗങ്ങൾ, ചർച്ചകൾ, ആസൂത്രണം ചെയ്യൽ, വിഭവസമാഹരണം നടത്തൽ പി.ടി.എ യുടെ സഹകരണത്തോടെ പ്രവൃത്തി പരിചയ ക്ലാസുകൾ സജീവമാക്കുന്നു. നിർമ്മിത വസ്തുക്കൾ സാമൂഹ്യനന്മയ്ക്ക് ഉപയോഗപ്പെടുത്തുന്നു. ചോക്ക് വേസ്റ്റ് ബാസ്കറ്റ് എന്നിവ ക്ലാസുകളിലും നിർമ്മിച്ച് പ്രദർശനം നടത്തുന്നു മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കാനും ഉപയോഗിക്കുന്നു. | വർഷം മുഴുവൻ | PTA HM, Teachers | PTA |

B മേഖല - ഭൗതികം    ഉപമേഖല - ജൈവവൈവിധ്യ ഉദ്യാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതി തന്നെ ഒരു പാഠപുസ്തകം. ഒരു പ്രത്യേക പരിധിക്കുള്ളിലെ ആവാസ വ്യവസ്ഥയിൽ കാണുന്ന വ്യത്യസ്ത തരം ജീവി വർഗ്ഗങ്ങളെ പരിചയപ്പെടുന്ന | പൂന്തോട്ടം പ്രാദേശികമായി കാണപ്പെടുന്ന സസ്യങ്ങളെ നട്ടുവളർത്തൽ | ജൂൺ - ജൂലായ് മാസങ്ങൾ | സീഡ് ക്ലബ്ബ് ടീച്ചർ | PTA |
| | ചെണ്ടുമല്ലി പൂ കൃഷി. | ജൂൺ - സെപ്തംബർ | സീഡ് ക്ലബ്ബ് ടീച്ചർ | PT-A |
| | ഒരില, പന- മാൻ കിരീടം, ഇലമുളച്ചി, കറിവേപ്പ് | ഒക്ടോബർ - നവംബർ | ക്ലാസ് ടീച്ചർ | P.T-A |
| | പ്രകൃതിസൗഹൃദ കൃഷി കുടി വനം. | ഡിസംബർ - ഫെബ്രുവരി | ഹരിത ക്ലബ്ബ് ടീച്ചർ | P-T-A |

## ഉപമേഖല - പഠനനേട്ടങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് | ക്ലാസ്സിലും Activities- പഠനനേട്ടങ്ങൾ ആർജിച്ചുവോ എന്ന് വിലയിരുത്തൽ ക്ലാസുകളിൽ പഠനനേട്ടങ്ങളുടെ പ്രദർശനച്ചാർട്ട് | വർഷം മുഴുവൻ | BRC HM Teacher | BRC PTA Teachers |
| SRG, ദിനാചരണങ്ങൾ | SSO മൂല്യനിർണയത്തിലൂടെ മികവിലേക്ക് എത്തിയെന്ന് ഉറപ്പാക്കുന്നു. കൂടുതൽ കാര്യക്ഷമമായ school പ്രവർത്തനങ്ങളുടെ ആസൂത്രണം ചെയ്യുന്നു. കൃത്യമായി ആഴ്ചയിലൊരിക്കൽ SRG കൂടുന്നു. ദിനാചരണങ്ങളെ കുറിച്ച് ചർച്ച. | വർഷം മുഴുവൻ | | |

## മേഖല - ഭൗതികം - ഉപമേഖല - പോഷകാഹാര വിതരണം - ഊട്ടുപുര

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| പ്രസിദ്ധീകരിച്ച മെനു | ഓരോ ദിവസത്തെയും ഭക്ഷണപട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു. | ജൂൺ - മാർച്ച് | ഉച്ചഭക്ഷണ ചാർജ് ടീച്ചർ | PTA |
| തിളപ്പിച്ച വെള്ളം നൽകുന്നതിനുള്ള സംവിധാനം | ഫിൽട്ടർ | വർഷം മുഴുവൻ | ഉച്ചഭക്ഷണ ടീച്ചർ | PTA |

## ഉപമേഖല - ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | പഠനനില കണ്ടെത്തൽ | | ക്ലാസ് ടീച്ചർ | |
| | ഇംഗ്ലീഷിലുള്ള അസംബ്ലി | എല്ലാ ബുധനാഴ്ചയും | ക്ലാസ് ടീച്ചർ | |
| | Skit, story telling<br>Role Play<br>ഇംഗ്ലീഷിലുള്ള ഡയറി | ആഴ്ചയിൽ 3 ദിവസം | ക്ലാസ് ടീച്ചർ | |
| | Today a word | പ്രതി ദിനം | ക്ലാസ് ടീച്ചർ | |
| | ഇംഗ്ലീഷ് - ക്ലാസ് ലൈബ്രറി<br>വായനാ സാമഗ്രികൾ<br>ലഘു വായനാ പുസ്തകം | ഒക്ടോബർ | | |
| | പതിപ്പുകൾ, മാഗസിനുകൾ | ഒക്ടോബർ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

## ഉപമേഖല - ഗണിതശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും സംഖ്യാ ബോധം, ചതുഷ്ക്രിയകൾ, അവങ്ങളെ തിരിച്ചറിയുക എന്നീ ശേഷികൾ വികസിപ്പിക്കുന്നതിന് | സങ്കലനം, വ്യവകലനം സംഖ്യാ ബോധം എന്നിവ നില കണ്ടെത്തുന്നു. | ജൂൺ - ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |
| | പരിഹാര ബോധനം ആസൂത്രണം ചെയ്യുന്നു | സെപ്റ്റംബർ - മാർച്ച് | | |
| | ഗുണനം, ഹരണം എന്നിവ നില കണ്ടെത്തുന്നു പരിഹാര ബോധനം | ജൂൺ - മാർച്ച് | | |
| | ഗണിത വർക്ക്ഷോപ്പ് | ഫെബ്രുവരി | | |

## ഉപമേഖല - വായനാ പരിപോഷണം ലൈബ്രറി ശാക്തീകരണം

| | | | | |
|---|---|---|---|---|
| | വായനാ കോർണർ, വായനാ പ്രവർത്തനം സജീവമാക്കൽ | ജൂൺ - ഫെബ്രുവരി | ക്ലാസ് ടീച്ചർ / വായനാ ക്ലബ്ബ് | |
| | പുസ്തക പരിചയം | ജൂൺ - ഫെബ്രുവരി | ക്ലാസ് ടീച്ചർ | |
| | ലൈബ്രറി പുസ്തക വിതരണം | ജൂലായ് - ഫെബ്രുവരി | വായനാ ക്ലബ്ബ് | |
| | പിറന്നാളിനൊരു പുസ്തകം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

# തനതുപ്രവർത്തനം

ലക്ഷ്യം :- കുട്ടികളുടെ അഭിനയപാടവം വളർത്തുന്നതിന്.

## അഭിനയക്കളരി

കുട്ടികളുടെ അഭിനയപാടവം വളർത്തുക, സർഗാത്മക രചനയിലേക്ക് ഓരോ കുട്ടികളെയും നയിക്കുക, സഭാകമ്പം ഇല്ലാതെ പൊതുവേദികളിൽ പരിപാടികൾ അവതരിപ്പിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നിലക്ഷ്യങ്ങൾ മുൻനിർത്തിയാണ് അഭിനയക്കളരി എന്ന തനതുപ്രവർത്തനം ഞങ്ങൾ തെരഞ്ഞെടുത്തത്. ഇതനുസരിച്ച് ഓരോ മാസവും പാഠഭാഗവുമായി ബന്ധപ്പെട്ടോ, ദിനാചരണങ്ങളുമായി ബന്ധപ്പെട്ടോ വിഷയങ്ങൾക്കടിസ്ഥാനമായി കുട്ടികൾക്ക് നാടകം (സംഭാഷണങ്ങൾ) സ്വയം എഴുതുന്നതിനും അത് അഭിനയിക്കുന്നതിനും അസംബ്ലിയിലോ പൊതുവേദികളിലോ അവതരിപ്പിക്കുന്നതിനും അവസരം നൽകുന്നു.

## ഉപമേഖല - കലാകായികമേള, പ്രതിഭാ പോഷണം

| | | | | |
|---|---|---|---|---|
| കുട്ടികളുടെ സർഗാത്മക വികസനം, പ്രതിഭാ പരിപോഷണം | ക്ലാസ് റൂം പ്രവർത്തനങ്ങൾ<br>ബാലകലോത്സവം<br>കായികമേള<br>കലാപരിശീലനം<br>കായിക പരിശീലനം | ജൂൺ - ഫെബ്രുവരി<br>സെപ്തംബർ<br>ഓഗസ്റ്റ്.<br>സെപ്തംബർ/ഒക്ടോ<br>ഓഗസ്റ്റ്, നവംബർ | | |

## ഉപമേഖല - പഠനയാത്ര

| | | | | |
|---|---|---|---|---|
| പ്രാദേശിക ചുറ്റുപാടുകളെ സന്ദർശിച്ച് പ്രാദേശികവും വ്യാവസായികവുമായ അറിവ് നേടൽ | | | | |

## ഉപമേഖല - ഐ.ടി വിദ്യാഭ്യാസം

| | | | | |
|---|---|---|---|---|
| ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിന് സ്വയം പ്രാപ്തി നേടുക | വിദ്യാലയാധിഷ്ഠിത പരിശീലനം<br>ഐ.ടി വിഭവശേഖരണം പ്രദർശന ക്ലാസുകൾ | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | | |

## ആമുഖം

ക്ലാസ് 1  ഭാഷ, EVS

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനം എന്നതിന് ഊന്നൽ നൽകി എഴുത്ത്, വായന, ശാരീരികവും, മാനസികവും വൈകാരികവുമായ വളർച്ചയാണ് പ്രധാനമായും ലക്ഷ്യമിടുന്നത് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പാക്കുന്നതും തുടർപ്രവർത്തനത്തിന് സാധ്യതയുള്ള വിവിധ പ്രവർത്തനങ്ങളാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിലുള്ളത്

ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും. വായിക്കാനും ഉള്ള ശേഷിയുള്ളവരാക്കുക
* സ്വന്തം ആശയം ലഘുവാക്യങ്ങളിലൂടെ എഴുതി പ്രകടിപ്പിക്കുന്നതിന് കഴിയുമെന്ന് ഉറപ്പു വരുത്തുക
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ
* പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ, കഥയരങ്ങ് എന്നിവ അവതരിപ്പിക്കാൻ പ്രാപ്തി നേടൽ
* സംയുക്ത ഡയറി എന്നതിലൂടെ സ്വന്തമായി ഡയറി എഴുതി തയ്യാറാക്കുന്നതിന്
* ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരം ഒരുക്കുന്നു
* പതിപ്പുകൾ, പരീക്ഷണങ്ങൾ, ശേഖരണങ്ങൾ എന്നിവ സ്വയം ചെയ്യുന്നതിന് പ്രാപ്തി നേടുക
* രചനോത്സവം, വായനോത്സവം, മികവുത്സവം ഇവയിലൂടെ സർഗാത്മക കഴിവുകളുടെ വികാസത്തിന് അവസരമൊരുക്കുക

| ക്രമ നമ്പർ | പഠനനേട്ടം | പ്രവർത്തനങ്ങൾ | കാലാവധി | പിന്തുണ |
|---|---|---|---|---|
| 1. | എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുക | * ഒന്നൊരുക്കം<br>* വായനക്കൂട്ട്<br>* വായനകാർഡ്, പിറന്നാൾ പുസ്തകം, കഥകൾ<br>കഥാമൃതം (അമ്മ വായന) | ജൂൺ-മാർച്ച് | അധ്യാപകർ രക്ഷിതാക്കൾ പിടിഎ SSK. |
| | പരിസ്ഥിതിയെ അറിയൽ | * പരിസ്ഥിതി ഗാനം, പക്ഷി നിരീക്ഷണം വീഡിയോ<br>* അമ്മയും കുട്ടിയും സംയുക്ത വായന, കഥനേരം | | |
| | അമ്പിളി മാമനെ അറിയാം | * അമ്പിളിമാമനെക്കുറിച്ച് പാട്ടുകൾ കഥകൾ, ചിത്രങ്ങൾ | ജൂലൈ | |
| | ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു | * മുട്ടത്തോടുകൊണ്ട് നിർമാണ പ്രവർത്തനങ്ങൾ, പരീക്ഷണം, പ്രദർശനം | ജൂലൈ | |
| | സംയുക്തഡയറി | * രണ്ടാം യൂണിറ്റ് പൂർത്തീകരണത്തോടെ സ്വായത്തമായ അക്ഷരങ്ങൾ ഉപയോഗിച്ച് സ്വന്തം അനുഭവങ്ങൾ രക്ഷിതാവിന്റെ സഹായത്തോടെ എഴുതി സംയുക്തഡയറി പ്രകാശനം | ജൂലൈ - മാർച്ച് | അധ്യാപിക രക്ഷിതാവ് PTA |
| | റീഡേഴ്സ് തിയറ്റർ | പാഠഭാഗത്തിനെ ഭാവാത്മകമായി അവതരിപ്പിക്കുന്നു<br>പാട്ടരങ്ങ്, അക്ഷരപ്പാട്ടുകളിലൂടെ വായനാനുഭവം നൽകുന്നു. | ആഗസ്റ്റ് | |

| ക്രമ നമ്പർ | പഠനനേട്ടം | പ്രവർത്തനങ്ങൾ | കാലാവധി | പിന്തുണ |
|---|---|---|---|---|
| | രുചിയുത്സവം<br>കേരളത്തെ അറിയാം | ആഹാര പദാർത്ഥങ്ങൾ<br>പ്രദർശനം, നാടൻ<br>പലഹാരങ്ങൾ | നവംബർ | അധ്യാപിക<br>രക്ഷിതാക്കൾ<br>പിടിഎ |
| | ചിത്രവായന<br>കഥ പറയൽ | ചിത്രങ്ങൾ നിരീക്ഷിച്ച്<br>വായനയിലേക്ക് കഥ പറയൽ<br>ഭാവാത്മകമായി കഥപറയൽ<br>ചിത്ര വായനാകാർഡ്<br>തയ്യാറാക്കൽ | ഡിസംബർ<br>–<br>മാർച്ച് | |
| | സംയുക്ത വായന | വീട്ടുവായന, കൂട്ട വായന<br>ചങ്ങല വായന, സ്വതന്ത്ര<br>വായന | ആഗസ്റ്റ്<br>–<br>മാർച്ച് | |
| | സർഗാത്മക ശേഷി<br>വികസനം | വിവിധ ക്ലാസ്സ് പ്രവർത്തന<br>ങ്ങളിലൂടെ ലഭിച്ച രചനകൾ<br>ചേർത്ത് പുസ്തകം<br>തയ്യാറാക്കുന്നു<br>നാട്ടുപത്രം, കൂട്ടയെഴുത്ത്<br>വായനോത്സവം<br>രചനോത്സവം<br>മികവുത്സവം പ്രവർത്തന<br>ങ്ങൾ | ജൂൺ<br>–<br>മാർച്ച്<br>ഒക്ടോബർ<br>–<br>മാർച്ച് | |
| | ക്ലാസ് അസംബ്ലി | എല്ലാവർക്കും അവസരം<br>നൽകി കടങ്കഥ, ക്വിസ്<br>പത്രവായന ഉൾപ്പെടുത്തി<br>ദിനം ക്ലാസ് അസംബ്ലി<br>മെച്ചപ്പെടുത്തൽ - | | |

ഗണിതം

| ക്രമ | പഠനനേട്ടം | പ്രവർത്തനം | കാലാവധി | പിന്തുണ |
|---|---|---|---|---|
| | വസ്തുക്കൾ ഉപയോഗിച്ച് ഗണിത പഠനം അക്കവും എണ്ണവും പൊരുത്തപ്പെടുത്തൽ | മഞ്ചാടി സഞ്ചി ഒരുക്കൽ സംഖ്യാറിബ്ബൺ ടെൻ ഫ്രെയിം 1-10 ഗണിത, എഴുത്തും പരിചയപ്പെടൽ | ജൂലൈ ആഗസ്റ്റ് | ക്ലാസ് അധ്യാപിക രക്ഷിതാക്കൾ |
| | സംഖ്യകൾ ചെറുത് വലുത്, ക്രമത്തിൽ എഴുതൽ | സംഖ്യാകാർഡുകൾ തയ്യാറാക്കി 1 – 20, 20 – 1 എഴുതുന്നു<br>* സംഖ്യാപാട്ടുകൾ പാടുന്നു<br>* രണ്ടു സംഖ്യകളുടെ കൂട്ടമായി പറയൽ എഴുതൽ<br>* ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | |
| | സംഖ്യകൾ എണ്ണാനും എഴുതാനും, സങ്കലനം, വ്യവകലനം ചെയ്യുന്നതിന് പ്രാപ്തരാക്കൽ | * മഞ്ചാടി സഞ്ചി<br>* ഗണിതകിറ്റ് ഉപയോഗിച്ച് കൂടുതൽ ഗണിതക്രിയ ഉറപ്പിക്കുന്നു. | ജൂലൈ മുതൽ മാർച്ച് വരെ | |

| Sl No | Aim. | Activity | English Time | Duty |
|---|---|---|---|---|
| | Engage in games | * Readiness activity Name, tree, Name cap passing the ball activities like action song | June to March | Teacher |
| | Improve Listening | Class room Conversations and Games, role play | July to March | Teacher |
| | To improve reading Skills | Picture reading<br>Graphic Reading<br>Simple word cards<br>Reading cards<br>Identifying rhyming words | June to March | |
| | Improve Writing Skills | Making small description from Graphic reading<br>Making descriptions from a word web<br>Small riddle making<br>Adding more lines (from Graphic reading) | August to March | |
| | Engage in Simple English Club activities | Role play, Choreography<br>Readers theatre<br>Skit | August to March | |

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

STD II

പ്രാഥമിക വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര്: വി എൽ പി എസ് കല്ലൂർ

ക്ലാസ് അധ്യാപകർ : അമ്പിളി എം
പ്രണവ് കെ

രണ്ടാം ക്ലാസിലെ കുട്ടികളുടെ എണ്ണം : 37

പ്രത്യേക പരിഗണന ആവശ്യമുള്ളവർ : 0

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ ഓരോ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക
- ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
- സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും, വ്യക്തിഗത രചനകളിലേർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

- ഗണിതകിറ്റ് ഉപയോഗിച്ച് ഗണിത ആശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കുക
- കുട്ടികളിൽ സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കൽ (1 മുതൽ 100) ശേഷികൾ വളർത്തൽ
- സങ്കലനം, വ്യവകലനം, ഉദ്ഗ്രഥനം എന്നി ശേഷികൾ വളർത്തൽ
- 100 ൽ താഴെയുള്ള സംഖ്യകൾ നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണാനും എഴുതാനുമുള്ള ശേഷിനേടുന്നു.
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ.

അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം

| ക്രമ നമ്പർ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | മുന്നൊരുക്കം<br>പ്രീടെസ്റ്റ് നടത്തുന്നു<br>CPTA നടത്തുന്നു.<br>കുട്ടിയുടെ നിലവിലെ അവസ്ഥ, കഴിവുകൾ, പരിമിതി എന്നിവ കണ്ടെത്തി പഠനപിന്തുണ ലഭ്യമാക്കുന്നു. | ജൂൺ | അധ്യാപകർ | |
| 2. | സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | ജൂലൈ | " | |
| 3. | ചിത്രകാർഡുകൾ നൽകൽ<br>ഭാഷണത്തിന് അവസരം നൽകൽ<br>വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ. | | | |
| 4. | ഭാഷയുമായി ബന്ധപ്പെട്ട് ICT സാധ്യത പ്രയോജനപ്പെടുത്തൽ | ആഗസ്റ്റ് | അധ്യാപകർ<br>രക്ഷിതാക്കൾ | |
| 5. | ദിനാചരണത്തിന്റെ ഭാഗമായി വായന, എഴുത്ത് എന്നിവയുടെ സാധ്യത ഉറപ്പാക്കൽ. | | | |
| 6. | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവ സജ്ജീകരിക്കൽ. | | | |
| 7. | ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ<br>"പുസ്തകപ്പുര"യുടെ വിപുലീകരണം. | സെപ്തംബർ | | |
| 8 | രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ. | | അധ്യാപകർ<br>രക്ഷിതാക്കൾ | |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 9 | ചിത്ര വിവരണം, വ്യത്യസ്തമായ വ്യവഹാര രൂപങ്ങൾ തയ്യാറാക്കൽ | | അധ്യാപകർ | |
| 10 | വായിച്ച കഥകൾ ചിത്രരൂപത്തിലാക്കൽ | | | |
| 11. | കഥയിൽ നിന്ന് സംഭാഷണം എഴുതൽ | | | |
| 12. | കഥ വായിച്ച് ചോദ്യങ്ങളും ഉത്തരങ്ങളും കണ്ടെത്തുന്നു | ഒക്ടോബർ | " | |
| 13. | വായിച്ച കഥക്കനുയോജ്യമായി അഭിനയിക്കൽ (നാടകം) | | | |
| 14. | വായിച്ച കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനവസരം ഒരുക്കൽ | | | |
| 15. | വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കുന്നു. | | | |
| 16. | കുട്ടികളിൽ സ്വതന്ത്ര രചന സർഗ്ഗാത്മക രചന തുടങ്ങിയ പ്രവർത്തനങ്ങൾക്ക് വേണ്ട അവസരങ്ങളൊരുക്കുന്നു. | നവംബർ | " രക്ഷിതാക്കൾ | |
| 17. | ലേഖന പ്രവർത്തനത്തിലേർപ്പെട്ട് വ്യക്തിഗത രചനകൾ മാഗസിനുകൾ തയ്യാറാക്കൽ എന്നിവക്കവസരം നൽകുന്നു | | | |
| 18. | വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കൽ. | ഡിസംബർ | | |

| ക്രമ നം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 19. | ലഘു വിവരണങ്ങൾ എഴുതുന്നതിനും വായിക്കുന്നതിനും അവസരമൊരുക്കൽ | ജനുവരി | | |
| 20 | വ്യക്തിഗത രചന പ്രോത്സാഹിപ്പിക്കൽ | | അധ്യാപകർ രക്ഷിതാക്കൾ | |
| 21. | മാഗസിൻ രചനകളിൽ ഏർപ്പെടൽ | ഫെബ്രുവരി | | |
| 22. | ഓരോ കുട്ടിയും പതിപ്പ് കൈയെഴുത്ത് മാസിക തയ്യാറാക്കൽ | | | |
| 23 | വീട്ടു വായന, അമ്മ വായന ചിത്രവായന എന്നിവ പ്രോത്സാഹിപ്പിക്കൽ | മാർച്ച് | | |
| 24. | ലൈബ്രറി ശാക്തീകരണം | | | |

അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം

| ക്രമ നം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. | അവധിക്കാല പ്രവർത്തനങ്ങൾ നൽകൽ (ഗണിതാശയം എത്രത്തോളം കൈവരിച്ചിട്ടുണ്ട്) | മെയ് | | |
| 2. | സംഖ്യാബന്ധം കണ്ടെത്തൽ<br>സംഖ്യാബോധം വളർത്തൽ<br>എണ്ണൽ സംഖ്യകൾ തിരിച്ചറിയൽ | | | |
| 3 | സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ടു മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാകുന്നു. | ജൂൺ | | |
| 4. | ഗണിത കിറ്റ് എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ (ഈർക്കിൽ, മഞ്ചാടി, കല്ലുകൾ, മുത്ത്)<br>രണ്ടക്ക സംഖ്യ രൂപീകരണം. | ജൂലൈ | | |
| 5 | സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ, പാറ്റേണുകൾ രൂപീകരിക്കൽ<br>99+1 = 100<br>10 പത്തുകൾ ചേർന്നാൽ 100<br>100 ഒന്നുകൾ ചേർന്നാൽ 100 | ആഗസ്റ്റ് | | |
| 6. | ഗണിതക്കിറ്റിന്റെ സഹായത്തോടെ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ. | | | |
| 7. | ഗണിതാശയങ്ങൾ പ്രായോഗിക രീതിയിൽ പരിഹരിക്കൽ ഉറപ്പാക്കുന്നു | സെപ്റ്റംബർ | | |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 8. | സ്ഥാനവില തിരിച്ചറിയുന്നു. (ഒന്ന്, പത്ത്) പ്രായോഗിക പ്രശ്ന പരിഹാരം കളിനോട്ടുകൾ, പേപ്പർ വെട്ടി തയ്യാറാക്കുന്നു. | ഒക്ടോബർ | | |
| 9. | നോട്ടുകളും നാണയങ്ങളും കൂടിചേർത്ത് സംഖ്യാരൂപീകരണം. | | | |
| 10. | സ്ഥാനവില പഠിക്കുന്നതിനായി സംഖ്യാ പോക്കറ്റ്, അബാക്കസ് എന്നിവ നിർമ്മിക്കൽ | നവംബർ | | |
| 11. | സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിന് വിലവിവരപട്ടിക തയ്യാറാക്കൽ | ഡിസംബർ | | |
| 12. | ഗണിതാലാപനം. ഉല്ലാസ ഗണിതം മെറ്റീരിയൽസ് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. | ജനുവരി | | |
| 13. | കലണ്ടർ, പതിപ്പ് തയ്യാറാക്കൽ മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ | ഫെബ്രുവരി | | |
| 14 | സംഖ്യാബന്ധങ്ങൾ, പാറ്റേണുകൾ രൂപീകരിക്കൽ | മാർച്ച് | | |

# Academic Masterplan

## English

| SL No. | Objectives | Activities | Duration | Support |
|---|---|---|---|---|
| 1 | To develop listening skills & reading skills. First preference for listening skills | Games, Action Songs, Hello English activities | June | ICT<br>Class Teacher |
| 2 | Reading skills, newpaper reading, Rhyming words<br>T-B activities | | July - March | " |
| 3 | Listening skills | English Assembly | Once in a week | SRG<br>Class Teacher |
| 4 | Learning English Alphabets and it's Phonic Sound | Play phonic Sounds, video and audio | June - July | class Teacher |
| 5 | Listening skills (cartoon display) | cartoon display | Twice in a month | SRG<br>class Teacher |
| 6 | Speak English confidently in classroom | Lets talk game vocabulary in children | June - March | class Teacher |

STD III

# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-2026

ലക്ഷ്യങ്ങൾ

I ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ

Activity

Pre-test, അക്ഷരം ഉറപ്പിക്കൽ, പദം ഉറപ്പിക്കൽ, വാക്യനിർമ്മാണം, കഥ പറയൽ, ചിത്രത്തിൽ നിന്ന് കഥ എഴുതൽ. [June-August]

II കുട്ടിയെ മികച്ച വായനക്കാരനാക്കുക.

വായനമൂല, ക്ലാസ് ലൈബ്രറി, പത്രവായന, ബാലസഭ വായനക്കുറിപ്പ്, പതിപ്പ്. [June-January]

III കുട്ടിയെ മികച്ച എഴുത്തിലേക്ക് ഉയർത്തുക.

പുസ്തക ചർച്ച, വിവരണം, കുറിപ്പ് എന്നിവ തയ്യാറാക്കൽ ബാലസഭ, ആസ്വാദനക്കുറിപ്പ്, വ്യക്തിഗത രചന

[Sept-Feb]

പാഠ്യപദ്ധതി ലക്ഷ്യങ്ങൾ [കനക ചിലങ്ക]

കവിതകൾ, പാട്ടുകൾ താളാത്മകമായി ചൊല്ലി അവതരിപ്പിക്കുക

രചനകൾ ഭാവാത്മകമായി വായിക്കുക.

സർഗാത്മക രചനകൾ നടത്തുക

വിവരണം, സംഭാഷണം എഴുതി അവതരിപ്പിക്കുക.

## പ്രവർത്തനങ്ങൾ

* നാടൻപാട്ടുകൾ ശേഖരണം, ഈണം പഠിച്ച് ചൊല്ലൽ
* പഴഞ്ചൊല്ലുകൾ ശേഖരണം, കഥാശേഖരണം.
* കടങ്കഥകൾ ശേഖരണം.
* കലാകാരനെ പരിചയപ്പെടൽ
* കലാരൂപങ്ങൾ - വേഷവിധാനങ്ങൾ
* കഥോത്സവം [നാടൻകഥകൾ അവതരണം]
* പാവനാടകം അറിയാം.

June July

## പലഹാരപ്പൊന്തി

* ചിത്രപ്രദർശനം
* റോൾപ്ലേ
* ആഹാരപ്പാട്ടുകൾ ശേഖരണം
* പലഹാരമേള
* പാചകക്കുറിപ്പ് തയ്യാറാക്കൽ
* കളികൾ, അനുഭവങ്ങൾ
* ശുചിത്വ പരിപാടികൾ

August, September

## മണ്ണിന്റെ മക്കൾ

* കൃഷിയിടം സന്ദർശനം.
* കൃഷിപ്പാട്ടുകൾ, ചൊല്ലുകൾ
* കളി അനുഭവങ്ങൾ - വിവരണം
* നാടൻപാട്ട് ശില്പശാല

ഒക്ടോബർ

STD: III

# Academic Masterplan English

Aim :- To speak, Read and write English without any mistakes.

Time: — June - March.

## Activities

Games, Action songs, Hello English activities, conversations, Skits, stories and ICT Make sentences, descriptions, picture reading, ~~Neaw~~ Newspaper reading, story books from the library; Riddles, diary, Thoughts

## Speaking

Action words, Simple Sentences using action words

## Reading

Book reading, Newspaper reading, News reading

## Writing

Word-web, picture description, riddles, thoughts
Conversations, diary.

Class-3

ഗണിതം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളുമായും സർഗാത്മക പ്രവർത്തനങ്ങളുമായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിത പഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസ്സിൽ അവതരിപ്പിക്കുന്നത്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യ ജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസ്സിലെ ഗണിത പഠനം ലക്ഷ്യം വെക്കുന്നു.

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റിമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടേപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത്. ഈ യൂണിറ്റുകൾ

## ജൂലായ്, ആഗസ്റ്റ്

* ഓരോ കുട്ടിയും കണക്കുപെട്ടി, ഗണിത ശില്പശാല. നിർമ്മിക്കുന്നു
* 1 മുതൽ 100 വരെ എഴുതിയ ടോക്കൺ
  കളിനോട്ടുകൾ
  ഓരോ നോട്ടുകളും 10 എണ്ണം വീതം
  കമ്പ് കെട്ടുകൾ
  സംഖ്യാ സ്ട്രിപ്പുകൾ
  അബാക്കസ് നിർമ്മാണം.

## ആഗസ്റ്റ്, സെപ്തംബർ

പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം.

## ഒക്ടോബർ

സഞ്ചിയിൽ നിർമ്മാണം
കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം,

## നവംബർ, ഡിസംബർ

ഗണിത വസന്ത കാർഡ് നിർമ്മാണം.

തെളിവുള്ള പരസ്പര ബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണത്തിലൂടെ അവസരം ഒരുക്കിയിട്ടുണ്ട്.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗണിത വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗണിത ചിന്തയോടൊപ്പം ഭാഷാ ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

## ജൂൺ - ജൂലായ്

യൂണിറ്റ് - 1 - രൂപങ്ങൾ വരയ്ക്കാം.

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ

ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറി-ഞ്ഞ് രേഖപ്പെടുത്താൻ തോരണം നിർമാണം, തോണി നിർമ്മാണം.

വെജിറ്റബിൾ പ്രിന്റിംഗ്

ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടമുള്ള രൂപങ്ങൾ കൂടുകൾ നിർമിക്കുന്നു.

## Class: 3
## EVS

| മാസം | പ്രവർത്തനങ്ങൾ | പിന്തുണ സംവിധാനം |
|---|---|---|
| ജൂൺ | * ചെടികൾ നിരീക്ഷിക്കാം.<br>* പ്രകൃതി നടത്തം<br>* വിത്ത് മുളപ്പിക്കൽ<br>* വ്യത്യസ്തതരം സസ്യങ്ങൾ<br>* പരിസ്ഥിതി ദിനാചരണം<br>* ഹരിതകാർഡ് നിർമാണം. | SRG. |
| ജൂലൈ | * വ്യത്യസ്തതരം ജീവികളെ നിരീക്ഷണം ചിത്രശേഖരണം.<br>* മണ്ണ് നിരീക്ഷണം<br>* ജൈവവൈവിധ്യ ഉദ്യാനം നിർമാണം | PTA, SRG |
| ഓഗസ്റ്റ് | * മഴമാപിനി നിർമാണം<br>* ജലസംരക്ഷണ പോസ്റ്റർ നിർമാണം.<br>* കിണർ സന്ദർശനം.<br>* മണ്ണ് നിരീക്ഷണം.<br>* മണ്ണ് കൊണ്ട് രൂപങ്ങൾ നിർമിക്കൽ<br>* ആശയ പടം തയ്യാറാക്കൽ. | SRG |
| സെപ്റ്റംബർ | * ശുചിത്വ പോസ്റ്റർ നിർമാണം.<br>* സ്കൂൾ ശുചിത്വ ക്ലബ് പ്രവർത്തനങ്ങൾ<br>* ആരോഗ്യ ബോധവത്ക്കരണ സെമിനാർ<br>* Interview - ആരോഗ്യ പ്രവർത്തകർ | SRG, PTA |

| | | |
|---|---|---|
| ഒക്ടോബർ | * ഫീൽഡ് ട്രിപ്പ് - പഴം / പച്ചക്കറികൾ<br>* Food Festival<br>* എന്റെ ആരോഗ്യകാർഡ് - ഭാരം കുറിക്കാം.<br>* സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ.<br>* ശരിയായ ഭക്ഷണശീലം - Poster | PTA, MPTA<br>SRG. |
| നവംബർ | * ആരോഗ്യ വിദഗ്ധരുടെ ക്ലാസ്<br>* റോൾപ്ലേ - റോഡ് നിയമങ്ങൾ<br>* First aid kit തയ്യാറാക്കൽ | SRG, PTA.<br>CPTA |
| ഡിസംബർ | പരീക്ഷണങ്ങൾ, നിരീക്ഷണപ്രവർത്തനം (globe, ICT)<br>* ഗ്ലോബ് നിർമ്മാണം<br>* ദേശീയ പതാക വരയ്ക്കൽ<br>* എന്റെ കേരളം - ചിത്രരചന, കുറിപ്പ്<br>* ചോദ്യോത്തര പയറ്റ് | |
| ജനുവരി & ഫെബ്രുവരി | * ജീവികളുടെ കൂടുകൾ - ചിത്രശേഖരണം<br>* വ്യത്യസ്ത തരം വീടുകൾ (ആൽബം)<br>* വ്യത്യസ്ത തരം ജോലികൾ - സർവ്വേ<br>* field visit - ചരിത്രസ്മാരകം | SRG. |
| മാർച്ച് | പഠനോത്സവം | PTA, MPTA<br>SRG, SSK. |

## അക്കാദമിക മാസ്റ്റർ പ്ലാൻ 4
### മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | പിന്തുണ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| കുട്ടികളിൽ വായനാശീലം വളർത്തുക | ക്ലാസ് ലൈബ്രറി ഒരുക്കൽ - വീട്ടിൽ ഒരു ലൈബ്രറി<br>ക്ലാസ് വായനാക്കൂട്ടം<br>പുസ്തക പരിചയം<br>ആനുകാലിക വായന -(പത്രം) | വർഷം മുഴുവൻ | അധ്യാപിക പി.ടി.എ | അസംബ്ലി |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ<br>രചനാ പരിചയക്കുറിപ്പ് തയ്യാറാക്കൽ | വർഷം മുഴുവൻ | അധ്യാപിക | CPTA അസംബ്ലി |
| കവിതകൾ ഈണത്തിലും താളത്തിലും ചൊല്ലുന്നു. | ഈണം കണ്ടെത്തൽ, കവിതകൾക്ക് വായ്ത്താരികൾ ചേർത്ത് പാടൽ<br>വരികൾ കൂട്ടിച്ചേർക്കൽ, താളത്തിൽ പാടൽ | വർഷം മുഴുവൻ | അധ്യാപിക | അസംബ്ലി |
| സാഹിത്യകാരൻമാരെ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ<br>ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ<br>പുസ്തക പരിചയം | വർഷം മുഴുവൻ | അധ്യാപിക | അസംബ്ലി |

## English

| Aim | Activities | Duration | Support | Presentation |
|---|---|---|---|---|
| To improve the efficiancy of students to speak read and write English effectively. | English Assembly<br>Diary Writing<br>English Corner<br>Convert the text to different discourses like skit conversation, drama etc.. | June to March | Teacher | Assembly<br>class room |
| | English Fest<br>Story book making | Once in an year | | |
| To improve the Vocabulary of the students | Underline new words<br>Use glossary to find out meaning<br>Use dictionary<br>Making Picture dictionary | June to March | Teacher<br>Parents | |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | പിന്തുണ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | പ്രകൃതി നടത്തം<br>ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ<br>ജീവികൾ വാസസ്ഥലം അനുകൂലനം പട്ടിക<br>ഡിജിറ്റൽ ആൽബം<br>പോസ്റ്റർ രചന<br>മാലിന്യ സംസ്കരണ രീതി സർവേ | ജൂൺ മുതൽ | അധ്യാപിക | |
| ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | പരീക്ഷണങ്ങളിൽ ഏർപ്പെടൽ<br>പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ<br>ശില്പശാല സംഘടിപ്പിക്കൽ | വർഷം മുഴുവൻ | അധ്യാപിക | |
| ഭൂപടവായന നടത്തുന്നു (ഇന്ത്യ, കേരളം) | സൂചിക പരിചയപ്പെടൽ<br>ഭൂപട രചന<br>സംസ്ഥാനങ്ങൾ തിരിച്ചറിയൽ<br>ജില്ലകൾ തിരിച്ചറിയൽ<br>ജിഗ്സോ പസിൽ | ആഗസ്റ്റ് മുതൽ | അധ്യാപിക | |

STD IV

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | ഉത്തരവാദിത്വം | അവതരണ സന്ദർഭം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ (പ്രക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ<br>ഉത്തരിയും പാട്ടും<br>ഡയസ്കളി<br>കളിനോട്ടുകൾ<br>അരവിന്ദ് ഗുപ്ത കാർഡ് നിർമ്മാണം<br>ഗണിതപ്പെട്ടി ഒരുക്കൽ | ജൂൺ മുതൽ | അധ്യാപിക<br>PTA | |
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കൈവേല ശേഷിവികസനം | ഒറിഗാമി ഉൽപ്പന്നങ്ങൾ നിർമ്മാണ പ്രദർശനം<br>ടാൻഗ്രാം - ചിത്രങ്ങൾ | | | |
| ഗണിതശേഷികളുടെ വികസനം | പസിൽ, പാട്ടുകൾ<br>ഗണിതമാസിക തയ്യാറാക്കൽ<br>(ഗണിതമേള) | | | |